പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 84 — 28.05.2019 ൽ മറുപടിക്ക്

## തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര നീക്കത്തെ പ്രതിരോധിക്കുവാൻ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നു; അവ ഫലപ്രദമായിരുന്നുവെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര നീക്കത്തെ പ്രതിരോധിക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നു. തിരുവനന്തപുരം വിമാനത്താവളത്തിന്റെ ടെർമിനലുകളുടെ വികസനവും പരിപാലനവും അടക്കമുള്ള മേഖലകൾ മത്സരാധിഷ്ഠിത ലേലത്തിലൂടെ പൊതു-സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് 2 തവണ കത്ത് അയച്ചിട്ടുണ്ട്. വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. അതോടൊപ്പം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്രത്തിലെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സെക്രട്ടറിമാരുടെ സംഘവുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. കൂടാതെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടപ്പിലാക്കണമെന്നും, നാളിതുവരെ വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നല്കണമെന്നുമുള്ള സർക്കാർ ആവശ്യം അറിയിക്കുകയുണ്ടായി.<br><br>സംസ്ഥാന സർക്കാരിന്റെ ആവശ്യത്തോട് കേന്ദ്രം അനുകൂല നിലപാട് സ്വീകരിക്കാത്തതിനാൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏറ്റെടുത്ത് നടത്തുന്നതിനായി സംസ്ഥാന സർക്കാർ |

| | |
|---|---|
| | സ്പോൺസർ ചെയ്യുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു. തിരുവനന്തപുരം വിമാനത്താവളത്തിന്റെ ബിഡിനുള്ള നടപടി ക്രമങ്ങളിൽ കേരള സർക്കാർ സ്പോൺസർ ചെയ്യുന്ന SPV ക്ക് [illegible] റൈറ്റ് ഓഫ് ഫസ്റ്റ് റെഫ്യൂസൽ (RoFR) നൽകാമെന്ന് കേന്ദ്ര സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരും കെ.എസ്.ഐ.ഡി.സിയും ചേർന്ന് ഒരു കൺസോർഷ്യം ലേലത്തിൽ പങ്കെടുക്കുകയുണ്ടായി. |
| (ബി) വിമാനത്താവള നടത്തിപ്പിനുള്ള ലേലത്തിൽ അദാനി ഗ്രൂപ്പ് ഉയർന്ന തുക ക്വാട്ട് ചെയ്ത് വിമാനത്താവള നടത്തിപ്പ് കൈക്കലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) വിമാനത്താവള നടത്തിപ്പിനുള്ള ലേലത്തിൽ കെ. എസ്. ഐ. ഡി. സി. എന്ത് തുകയാണ് ക്വാട്ട് ചെയ്തിരുന്നത്; | (സി) 135 രൂപയാണ് ക്വാട്ട് ചെയ്തിരുന്നത് |
| (ഡി) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം നടത്തുന്ന അദാനി ഗ്രൂപ്പ് വിമാനത്താവള നടത്തിപ്പിന്റെ അവകാശം കൂടി കൈക്കലാക്കിയത് അവർക്ക് കൂടുതൽ ഗുണപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ഡി) വിമാനത്താവള നടത്തിപ്പ് ബിഡിൽ ഉയർന്ന തുക ക്വോട്ട് ചെയ്തു എന്നതിന്റെ പേരിൽ അദാനി ഗ്രൂപ്പിന് നൽകാനുള്ള നീക്കത്തിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്യുകയും കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) സ്വകാര്യമേഖലയ്ക്ക് വിമാനത്താവള നടത്തിപ്പ് അവകാശം കൈമാറുന്നതിനെ എതിർത്ത സർക്കാർ സ്ഥാപനം തന്നെ സ്വകാര്യവൽക്കരണത്തിനായുള്ള ലേലനടപടികളിൽ പങ്കെടുത്തത് സ്വകാര്യവൽക്കരണത്തിന് എതിരായുള്ള നീക്കത്തെ ദോഷകരമായി ബാധിച്ചതായി കരുതുന്നുണ്ടോ;വ്യക്തമാക്കാമോ? | (ഇ) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്ന കേന്ദ്ര നയത്തിനെതിരായുള്ള സമീപനമാണ് സംസ്ഥാനം കൈക്കൊണ്ടിട്ടുള്ളത്. സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള വിമാനത്താവള നടത്തിപ്പ് വിഭാവനം ചെയ്തിട്ടുള്ളതിനാലാണ് സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്യുന്ന കമ്പനി മത്സരാധിഷ്ഠിതമായ ലേലത്തിൽ പങ്കെടുത്തത്. |

സെക്ഷൻ ഓഫീസർ